പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4893 — 14/11/2019-ൽ മറുപടിക്ക്

## എയ്ഡഡ് സ്കൂളുകളിലെ നിയമനാംഗീകാരം ഓൺലൈനാക്കുന്നതിനുള്ള നടപടി

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.വി.എസ്.ശിവകുമാർ: | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പമന്ത്രി) |
| (എ) എയ്ഡഡ് സ്കൂളുകളിലെ നിയമനാംഗീകാരം ഓൺലൈൻ പോർട്ടൽ വഴിയാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) നിലവിൽ നിയമനാംഗീകാരം നൽകുവാനുള്ള ചുമതല ആർക്കാണ് നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ; | (ബി) കെ.ഇ.ആർ അദ്ധ്യായം XIV-A ചട്ടം 8 പ്രകാരം വിദ്യാഭ്യാസ ഓഫീസർമാരാണ് നിയമനാംഗീകാരം നൽകുന്നത്. |
| (സി) എയ്ഡഡ് സ്കൂളിലെ നിയമനാംഗീകാരം ഓൺലൈനാക്കുന്നതിന് മുന്നോടിയായി കെ.ഇ.ആറിൽ പരിഷ്കരണം വരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ അതിനായുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ? | (സി) 31-05-2019-ലെ സ.ഉ. (കൈ) നം. 51/2019/പൊ.വി.വ ഉത്തരവ് പ്രകാരമാണ് എയ്ഡഡ് സ്കൂളിലെ നിയമനാംഗീകാരം ഓൺലൈനായി നടത്തുന്നത്. കെ.ഇ.ആർ അദ്ധ്യായം XIV A ചട്ടം 8 പ്രകാരമാണ് നിയമന അംഗീകാരം നൽകി വരുന്നത്. ഉപചട്ടം (2) പ്രകാരം അതതുകാലം സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ അനുസരിച്ചുവേണം നിയമനാംഗീകാരം നൽകാനെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാൽ നിയമനാംഗീകാരം ഓൺലൈൻ ആക്കാൻ സർക്കാർ ഉത്തരവ് നിലവിലുള്ള സാഹചര്യത്തിൽ കെ.ഇ.ആർ-ൽ പ്രത്യേകമായി ഭേദഗതി ആവശ്യമില്ല. |

സെക്ഷൻ ഓഫീസർ